(ഡി) ബോർഡിന്റെ ഓരോ വർഷത്തേക്കും നിശ്ചയിക്കുന്ന ബഡ്ജറ്റ് അനുസരിച്ചാണ് മിനിമം ഗ്യാരണ്ടി ജോലി ചെയ്തുവരുന്നത്. വരുംവർഷങ്ങളിലെ ബഡ്ജറ്റ് വിഹിതം അനുസരിച്ച് വൈദ്യുതി കണക്ഷൻ നൽകുന്നതാണ്.

കണ്ണൂർ ജില്ലയിലെ വൈദ്യുതി കണക്ഷനുകൾ നൽകാനുള്ള നടപടി

17 [174] ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ പാറാട്, പാനൂർ, പത്തായക്കുന്ന്, ചൊക്ളി എന്നീ സെക്ഷനുകളിൽ എത്ര അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ കൊടുക്കാൻ ബാക്കിയുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) വൈദ്യുതി കണക്ഷനുകൾ നൽകാനുള്ള കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ പാറാട്, പാനൂർ, പത്തായക്കുന്ന്, ചൊക്ളി എന്നീ സെക്ഷനുകളിൽ വൈദ്യുതി കണക്ഷൻ കൊടുക്കുവാൻ ബാക്കിയുള്ളത് താഴെ പറയും പ്രകാരമാണ്.

സെക്ഷൻ	സാധാരണ	ഒ. വൈ. ഇ. സി.
പാറാട്	691	21
പാനൂർ	2313	30
പാട്യം (പത്തായക്കുന്ന്)	509	3
ചൊക്ളി	638	57

(ബി) കണക്ഷനുകൾ നൽകാനുള്ള കാലതാമസം ഒഴിവാക്കാൻ ആവശ്യമായ സാധനസാമഗ്രികളുടെ ലഭ്യത ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കായംകുളം താപനിലയത്തിന്റെ വികസനം

18 [175] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം താപനിലയത്തിന്റെ രണ്ടാം ഘട്ട വികസനം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly